**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2318** **01-09-2022 - ൽ മറുപടിയ്ക്ക്**

**ലഹരി വസ്തുക്കളുടെ ഉപഭോഗത്തിലെ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഇക്കഴിഞ്ഞ കുറേ നാളുകളായി നിരോധിക്കപ്പെട്ട പാൻമസാലകളുടെയും മറ്റ് ലഹരി വസ്തുക്കളുടെയും ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (എ) | പിടിച്ചെടുത്ത പുകയില ഉല്പന്നങ്ങളുടെയും, മറ്റ് ലഹരി വസ്തുക്കളുടെയും അളവ് പരിശോധിച്ചതിൽ ഉപഭോഗം വർദ്ധിച്ചതായി അനുമാനിക്കാം. |
| (ബി) | ഇത്തരം വസ്തുക്കളുടെ സംഭരണവും വിതരണവും സംബന്ധിച്ച് 2016 മുതൽ എടുത്തിട്ടുള്ള കേസുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കാമോ; | (ബി) | അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഇതിൽ പിടിയിലായവരിൽ എത്ര ഇതര സംസ്ഥാനക്കാരുണ്ടെന്ന് അറിയിക്കാമോ; | (സി) | 5398 ഇതര സംസ്ഥാനക്കാർ പിടിയിലായിട്ടുണ്ട്. |
| (ഡി) | കേരളത്തിനു പുറത്തു നിന്നും വാഹനങ്ങളിലും ട്രെയിനുകളിലുമായി കൊണ്ടുവരുന്ന ലഹരിവസ്തുക്കളുടെ സാന്നിദ്ധ്യം കൃത്യമായി മനസ്സിലാക്കുന്നതിനും, ബന്ധപ്പെട്ടവരെ കണ്ടെത്തി നിയമത്തിനു മുമ്പിൽ കൊണ്ടുവരുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ? | (ഡി) | അതിർത്തികളിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും വാഹന പരിശോധനകളിലൂടെയും ലഹരി വസ്തുക്കൾ കടത്തുന്നില്ലായെന്ന് ഉറപ്പ് വരുത്തുന്നു. ട്രെയിനിൽ കടത്തിക്കൊണ്ടുവരുന്ന ലഹരി വസ്തുക്കൾ കണ്ടുപിടിക്കുന്നതിനായി ആർ.പി.എഫ്.മായി ചേർന്ന് റെയിൽവേ സ്റ്റേഷനിലും ട്രെയിനുകളിലും സംയുക്ത പരിശോധന നടത്തിയും ലഹരി വസ്തുക്കളുടെ കടത്ത് തടയുന്നതിനുള്ള പ്രവർത്തനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| **വർഷം** | **കേസുകളുടെ എണ്ണം** |
|---|---|
| 2016 | 27692 |
| 2017 | 46320 |
| 2018 | 47488 |
| 2019 | 53366 |
| 2020 | 35072 |
| 2021 | 44654 |
| 2022 (നാളിതുവരെ) | 43490 |

സെക്ഷൻ ഓഫീസർ